# ജീവനദി ആത്മമന്ന

JEEVANADHI ATHMAMANNA

തിരുവെഴുത്തുകളെയും ദൈവശക്തിയെയും അറിയുക

## സ്വർഗ്ഗത്തിൽ നിന്നു ഇറങ്ങിവന്ന അപ്പം ക്രിസ്തു ആകുന്നു

ദൈവത്തിന്റെ അപ്പമോ
സ്വർഗ്ഗത്തിൽനിന്നു
ഇറങ്ങിവന്നു ലോകത്തിന്നു ജീവനെ
കൊടുക്കുന്നതു ആകുന്നു.
( യോഹന്നാൻ 6:33 )

Vol.1 July 2023 No. 01



# EDITORIAL



യഥാർത്ഥ കാലജ്ഞന്മാരായ ദൈവജനം, കാലഗതികളെ തിരിച്ചറിഞ്ഞ് കർത്താവിന് ഹിതമാംവണ്ണം ജീവിക്കേണ്ടതിന്റെ ആവശ്യകതയെ വചനാടിസ്ഥാനത്തിൽ ഹൃദ്യമായ നിലയിൽ അനുവാചക സമക്ഷം സമർപ്പിക്കുക എന്ന ലക്ഷ്യത്തോടെ സമാരംഭിക്കപ്പെട്ട ഒരു പ്രസിദ്ധീകരണമാണിത്. കഴിഞ്ഞ ഏറെ വർഷങ്ങളായി വിവിധ നിലകളിലുള്ള ആത്മീയ ശുശ്രൂഷകൾ നിർവഹിച്ച് വരുന്ന ലിംനെ ക്രിസ്ത്യൻ ബ്രദറൺ മിനിസ്ട്രീസിന്റെ തികച്ചും വിശ്വാസത്താൽ സമാരംഭിക്കപ്പെടുന്ന ഒരു പ്രവർത്തന മാർഗ്ഗം കൂടിയാണിതെന്ന് അഭിമാനപുരസ്സരം അറിയിച്ച് കൊള്ളുന്നു. നമ്മുടെ യുവതലമുറകൾക്ക് ഇതൊരു പ്രത്സോഹനം ആകും എന്നതിൽ ലവലേശം സംശയമില്ല. ദൈവനാമ മഹത്ത്വവും ദൈവമക്കളുടെ ആത്മീകവർദ്ധനവും ലക്ഷ്യമാക്കി ഈ ശുശ്രൂഷ മുന്നോട്ടു പോകുവാൻ പ്രാർത്ഥനകളോടൊപ്പം കൂടെയുണ്ടാകണം എന്ന് ദൈവ നാമത്തിൽ വിനയത്തോടെ അഭ്യർത്ഥിച്ചുകൊള്ളുന്നു.

സകല നന്മകളുടെയും ഉറവിടമായ സർവ്വശക്തനായ ദൈവം നിങ്ങളെ ഏവരേയും സമൃദ്ധമായി അനുഗ്രഹിക്കുമാറാകട്ടെ.

# ആരാധന

എം.എ. ജോയി തൃശൂർ



## ആരാധനയുടെ ചരിത്രം

ആരാധന എന്ന പദത്തിന് എബ്രായ, ഗ്രീക്ക് ഭാഷകളിൽ ' സേവനം ' എന്നാണ് അർത്ഥം. ദൈവത്തെ ആരാധിക്കുക എന്നു പറഞ്ഞാൽ ദൈവത്തെ സേവിക്കുക എനർത്ഥം. അബ്രഹാമിനും മോശെക്കും മുമ്പുള്ള പുരാതന സങ്കല്പം അനുസരിച്ച് ഒരു അടിമ തന്റെ യജമാനന് നല്കുന്ന സേവനമാണ് ആരാധന. ക്രമേണ സേവനത്തിന്റെ മേഖലയിൽ നിന്ന് പ്രധാനമായും രണ്ടു കാര്യങ്ങളാണ് നിഷ്കർഷിക്കപ്പെട്ടത്. അടിമ യജമാനന്റെ അടുക്കൽ വരുമ്പോൾ അവൻ ദേഹം വെള്ളത്തിൽ കഴുകി അലക്കിയ വസ്ത്രം ധരിച്ചിരിക്കണം. എന്നിട്ട് യജമാനന് ഭക്ഷിപ്പാൻ ആഹാരം കൊടുക്കണം. യജമാനൻ ഭക്ഷിച്ച് പാനം ചെയ്ത് തൃപ്തനാകുമ്പോൾ അടിമയോടു കൃപാവായ്പോടെ ഇടപെടും. ന്യായപ്രമാണം നല്കപ്പെടുന്നതിന് മുമ്പുള്ള യിസ്രായേലും അന്നത്തെ ഇതര മതങ്ങളെപ്പോലെ ദൈവത്തെ ആരാധിക്കുക എന്നത് ശാരീരിക അശുദ്ധി (അഴുക്ക്) കഴുകി കളഞ്ഞ് വൃത്തിയുള്ള വസ്ത്രം ധരിച്ച് ദൈവത്തിന് ഉത്തമമായ ആഹാരം നൽകുക എന്ന നിലയിലായിരുന്നു. അഴുക്കു നീക്കുക എന്നതിന് കാലക്രമേണ പലതരം ആചാരപരമായ ശുദ്ധീകരണകർമ്മങ്ങൾ ആരാധനയുടെ ഭാഗമായ്ത്തീരുവാൻ ഇടയാക്കി. അതുപോലെ ദൈവീക പ്രീതിയ്ക്ക് ഉത്തമമായ ആഹാരം "യാഗം" ആണെന്ന് ഗണിക്കപ്പെടുകയും ചെയ്തു. യാഗം എന്ന വാക്കിന് പ്രാചീന കാലത്ത് "ദൈവം ഭക്ഷിക്കുന്ന വിശുദ്ധ ഭോജനം" (sacred meal eaten by God) എന്നായിരുന്നു അർത്ഥം. പിൽക്കാലത്ത് യാഗം അർപ്പിക്കുന്നത് അതിൽത്തന്നെ ആരാധനയായ് കണക്കാക്കപ്പെട്ടു. അബ്രഹാം യിസഹാക്കിനെ യാഗം അർപ്പിക്കുവാൻ ദൈവകൽപ്പന പ്രകാരം മോറിയമല കയറുമ്പോൾ "ഞാനും ബാലനും അവിടുത്തോളം ചെന്ന് ആരാനധ കഴിച്ച് മടങ്ങിവരാം" എന്നാണ് തന്റെ ബാല്യക്കാരോട് പറഞ്ഞത്. യാഗം അർപ്പിക്കുന്ന ആളുടെ ശരീരം, വസ്ത്രം എന്നിവ ശുദ്ധീകരിക്കുന്നതിൽ തീഷ്ണത കാണിച്ചിരുന്നു എങ്കിലും വിവിധ മതസ്ഥരെപ്പോലെ ആരാധകരുടെ സാന്മാർഗീക, സദാചാര നിലവാരം യിസ്രായേലിലും ആർക്കും ഒരു വിഷയമോ നിബന്ധനയോ ആയിരുന്നില്ല. അശ്ലീലവും അഴിമതിയും ദുഷ്ടതയും ആരാധനയിൽ ഇടകലരുവാനിടയായി. ന്യായപ്രമാണകാലത്ത് യിസ്രായേൽ അർപ്പിക്കേണ്ട യാഗങ്ങളെക്കുറിച്ച് പ്രധാനമായും ലേവ്യ പുസ്തകത്തിൽകൂടി ദൈവം തന്നെ നിഷ്കർഷിച്ചിരുന്നു. എന്നാൽ വിജാതീയരുടെ ആരാധനയിലെ ദുഷ്പ്രവണതകൾ പലതും യിസ്രായേലിന്റെ ന്യായപ്രമാണപ്രകാരമുള്ള യാഗങ്ങളിലും മായം ചേർക്കാൻ തുടങ്ങി. 750 – 600 ബി.സി. കാലയളവിൽ ആമോസ്, യിരെമ്യാവ് മുതലായ പ്രവാചകൻമ്മാർ ഇത്തരം ദുഷ്ട പ്രവണതകളെ ശക്തിയായ് എതിർത്തു. യാഗമായ് അർപ്പിക്കുന്ന കാളയെക്കാൾ യഹോവയ്ക്കു പ്രസാദം അർപ്പകന്റെ ഹൃദയശുദ്ധിയാണെന്ന സത്യം പ്രസ്തുത പ്രവാചകൻമ്മാർ യിസ്രായേലിനെ ഉപദേശിച്ചു. കർത്താവായ യേശുവും, അപ്പൊസ്തലനായ പൗലോസും പുതിയ നിയമത്തിൽക്കുടി ആരാധനയിലെ ആചാരപരമായ വ്യർത്ഥ പ്രവർത്തികൾക്കു പകരം വിശുദ്ധജീവിതം, വിശ്വാസം,സ്നേഹം എന്നിവയാണ് വേണ്ടതെന്ന് സ്ഥാപിച്ചു. യേശുക്രിസ്തുവിന്റെ യാഗമരണത്തോടുകൂടെ പഴയനിയമ യാഗങ്ങൾ അവസാനിച്ചപ്പോൾ പ്രാർത്ഥനയുംസ്തോത്രവും ആരാധനയുടെ പ്രധാന ഘടകങ്ങളായിത്തീർന്നു. ഏറ്റവും വിശാലവും ലളിതവുമായ അർത്ഥത്തിൽ ലോകപ്രകാരം ആരാധന താഴ്ന്നവർ ഉയർന്നവർക്കു നൽകുന്ന ഭക്ത്യാദരവാണ്. എന്നാൽ ബൈബിളിൽ ദൈവത്തിനു കൊടുക്കുന്ന ഭക്ത്യാദരവിനെ മാത്രമേ ആരാധനയായ് കണക്കാക്കുന്നുള്ളൂ. അതായത് വചനപ്രകാരം എല്ലാവരെയും ബഹുമാനിക്കാം; പക്ഷെ ദൈവത്തെ മാത്രമെ ആരാധിക്കാവൂ (ആവ 6:13; മത്തായി 4:10).

## ആരാധനയുടെ നാൾവഴി

1. മനുഷ്യസൃഷ്ടി:

ദൈവം മനുഷ്യനെ സൃഷ്ടിച്ചതിന്റെ ഒരു പ്രധാന ഉദ്ദേശ്യം മനുഷ്യൻ ദൈവത്തെ ആരാധിച്ചു ദൈവവുമായുള്ള കൂട്ടായ്മയിൽ അനുഗ്രഹം പ്രാപിച്ച് സന്തോഷത്തോടെ ജീവിക്കണം എന്നായിരുന്നു. റോമർ 1:20 – 25; 11:36; വെളി 4:11 മുതലായ വേദഭാഗങ്ങളിൽക്കൂടെ ആ സത്യം മനസിലാക്കാൻ കഴിയുന്നു. എന്നാൽ മനുഷ്യൻ ദൈവത്തിന്റെ ആ പ്രതീക്ഷയ്ക്കൊത്ത് ഉയർന്നില്ല. " അവർ ദൈവത്തെ അറിഞ്ഞിട്ടും അവനെ ദൈവം എന്നോർത്തു മഹത്വീകരിക്കയോ നന്ദി കാണിക്കയോ ചെയ്യാതെ തങ്ങളുടെ നിരൂപണങ്ങളിൽ വ്യർത്ഥരായ്ത്തീർന്നു" (റോമർ 1:21). "ദൈവത്തിന്റെ സത്യം അവർ വ്യാജമാക്കി മാറ്റിക്കളഞ്ഞു, സൃഷ്ടിച്ചവനെക്കാൾ സൃഷ്ടിയെ ഭജിച്ച് ആരാധിച്ചു" (റോമർ 1:25).

2. യിസ്രായേൽ:

മനുഷ്യവർഗം പൊതുവെ തോൽവിയടഞ്ഞപ്പോൾ ദൈവം അബ്രഹാമിൽക്കൂടെ യിസ്രായേൽ എന്ന ഒരു ജാതിയെ പ്രത്യേകം വിളിച്ചു ദൈവത്തെ ആരാധിക്കുന്ന ജനമായി നിയോഗിച്ചു. "ആകയാൽ നിങ്ങൾ എന്റെ വാക്കു കേട്ടനുസരിക്കുകയും എന്റെ നിയമം പ്രമാണിക്കുകയും ചെയ്താൽ നിങ്ങൾ എനിക്ക് സകല ജാതികളിലും വെച്ച് പ്രത്യേക സമ്പത്തായിരിക്കും; ഭൂമിയൊക്കെയും എനിക്കുള്ളതല്ലൊ. നിങ്ങൾ എനിക്ക് ഒരു പുരോഹിത രാജത്വവും വിശുദ്ധ ജനവും ആകും" (പുറപ്പാട് 19: 5,6). മിസ്രയീമ്യ അടിമത്തത്തിൽ നിന്ന് യിസ്രായേലിനെ വിടുവിപ്പാൻ യഹോവ ഫറവോനോട് ആവശ്യപ്പെട്ടതുതന്നെ യിസ്രായേൽ യഹോവയെ ആരാധിപ്പാൻ വേണ്ടിയായിരുന്നു. "...മരുഭൂമിയിൽ എന്നെ ആരാധിപ്പാൻ എന്റെ ജനത്തെ വിട്ടയക്ക എന്നു കല്പിച്ച് എബ്രായരുടെ ദൈവമായ യഹോവ എന്നെ നിന്റെ അടുക്കൽ അയച്ചു" എന്നാണ് മോശെ ഫറവോനോട് പറഞ്ഞത് (പുറപ്പാട് 7: 16) പക്ഷേ യഹോവ കൽപ്പിച്ച പ്രമാണങ്ങൾ പാലിക്കാതെ യിസ്രായേലും പുറജാതികളെപ്പോലെ തോൽവിയടഞ്ഞു. ആരാധനയ്ക്ക് നേതൃത്വം കൊടുക്കേണ്ട പുരോഹിതൻമ്മാർ തന്നെ തങ്ങളുടെ ജീവിതവും ആരാധനക്രമങ്ങളും മലിനമാക്കി, തദ്വാരാ ദൈവത്തിന്റെ വെറുപ്പും കോപവും ഏറ്റുവാങ്ങുവാനിടയായ വസ്തുതകൾ നെഹമ്യാവ് (13:29) പ്രവാചകന്മാരായ യെശയ്യാവ് (1:11– 13), യിരെമ്യാവ് (6:20), ആമോസ് (5: 21– 23) മുതലായവർ രേഖപ്പെടുത്തിയിട്ടുണ്ട്. പഴയനിയമത്തിലെ ഒടുവിലത്തെ പുസ്തകമായ മലാഖിയുടെ പ്രവചനത്തിൽ (ആദ്യ രണ്ട് അദ്ധ്യായങ്ങൾ) ദൈവം പുരോഹിതന്മാരെ രൂക്ഷമായി ശാസിക്കുന്നതും കാണുന്നു. റോമർ 2:17 മുതലുള്ള വാക്യങ്ങളിൽ "നീയോ യഹൂദൻ എന്നു പേർ കൊണ്ടും..." എന്നു തുടങ്ങുന്ന ഭാഗത്തു പുറജാതികളെപ്പോലെ യഹൂദനും ആരാധനയോടു ബന്ധപ്പെട്ട് ദൈവമുമ്പാകെ തോൽവിയടഞ്ഞ കാര്യം പൗലോസ് വെളിപ്പെടുത്തുന്നു.

( തുടരും)



# കുറുപ്രാവ്

ബിജു ബെഞ്ചമിൻ

സങ്കീർത്തനം 74ന്റെ 19ാം വാക്യത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത് ഇപ്രകാരമാണ്.നിന്റെ കുറുപ്രാവിനെ ദുഷ്ടമൃഗത്തിന്നു ഏല്പിക്കരുതേ; നിന്റെ എളിയവരുടെ ജീവനെ എന്നേക്കും മറക്കരുതേ. പ്രിയമുള്ളവരെ.. ഈ ലോകത്ത് വളരെ നല്ല നിയമസംഹിതകളുണ്ട്... ഭരണകർത്താക്കളുണ്ട്. ജനങ്ങൾക്ക് പണ്ടുള്ള കാലത്തേക്കാൾ അറിവും വിദ്യാഭ്യാസവുമുണ്ട്.ചെയ്യുന്ന ജോലിക്ക് കൂലി ലഭിക്കാനുള്ള നല്ല സാഹചര്യങ്ങളുണ്ട്.

ഇങ്ങനെ ഒക്കെയും ആണെന്ന് വരികിലും ഒരു വല്ലാത്ത കാലഘട്ടത്തിലാണ് ഞാനും നിങ്ങളും ജീവിക്കുന്നത്. ധാർമികമായും ആത്മീകമായും വലിയൊരു അധപതനം തന്നെ വന്ന് ഭവിച്ചിരിക്കുകയാണ് മനുഷ്യർക്ക് . സ്വസ്ഥതയും സമാധാനവും സന്തോഷവും നഷ്ടപ്പെട്ട് കൊണ്ടിരിക്കുന്നു.വലിയൊരു വിഭാഗം ആളുകളും തങ്ങൾക്ക് ബോധിച്ചതുപോലെ ജീവിക്കുന്ന ഒരു സാഹചര്യം ഉടലെടുത്തിരിക്കുന്നു.

അതിനാൽ സത്യദൈവവിശ്വാസികൾക്കെതിരെ തിന്മയുടെ വലിയൊരു ശക്തി തന്നെ ആക്രമണം അഴിച്ച് വിട്ട് കൊണ്ടിരിക്കുന്ന ഒരു കാലഘട്ടമാണിത്. അതിന്റെ റിപ്പോർട്ടുകൾ അനുദിനം വാർത്താമാദ്ധ്യമങ്ങളിലൂടെ നമ്മുടെ മുമ്പിൽ എത്തിക്കൊണ്ടിരിക്കുന്നു. ഇരുട്ടിന്റെ പ്രവർത്തികൾ വർദ്ധിച്ച് വരുന്ന ഈ നാളുകളിൽ ഒരു നിലയിലും അതിനെ ചെറുത്തു നിൽക്കാൻ കഴിയാത്ത ബലഹീനരായ നാം.. ബലവാനായ ദൈവത്തോടു നിലവിളിക്കുകയാണ്.

ആസാഫിന്റെ വാക്കുകളെ ശ്രദ്ധിക്കുക...അവിടെ കാണുന്നത്. നിന്റെ കുറുപ്രാവിനെ ദുഷ്ടമൃഗത്തിന്നു ഏല്പിക്കരുതേ; നിന്റെ എളിയവരുടെ ജീവനെ എന്നേക്കും മറക്കരുതേ. എന്നുള്ള അപേക്ഷയാണ്.

പ്രിയരെ.. നാം അറിയും പോലെ കുറുപ്രാവ് ഒരു ബലഹീന പക്ഷിയാണ്.അവയ്ക്ക് സ്വന്ത ബലത്തിൽ ആശ്രയിക്കുവാൻ കഴിയില്ല. അവക്ക് സ്വയ രക്ഷ ചെയ്യുവാനോ ശത്രുക്കളോട് ചെറുത്ത് നിൽക്കുവാൻ കഴിവില്ല.ഇവിടെ ആസാഫ് ഈ കുറുപ്രാവിനെകുറിച്ചു എടുത്ത് പറയുന്നത്.. ഇത് നിന്റേതാണെന്നാണ്.അതായത് ഇത് ദൈവത്തിന്റേതാണന്ന അർത്ഥത്തിൽ പറഞ്ഞിരിക്കുകയാണ്. ഓരോ ദൈവപൈതലും കുറുപ്രാവിന്റെ സ്ഥാനത്താണുള്ളത് ദൈവമക്കൾ കുറുപ്പ്രാക്കളെ പോലെ ബലഹീനരെങ്കിലും ദൈവം തന്റെ പ്രിയരെ കരുതുന്നവനും എന്നും ഏതവസ്ഥയിലും കരുതുവാൻ ശക്തനും ആണ്. ദൈവത്തെ കുറിച്ച് ഈ സങ്കീർത്തനത്തിൽ സങ്കീർത്തകാരൻ പറഞ്ഞിരിക്കുന്നത് ദൈവം പുരാതനമേ എന്റെ രാജാവാകുന്നു; ഭൂമിയുടെ മദ്ധ്യേ അവൻ രക്ഷ പ്രവർത്തിക്കുന്നു എന്നാണ് നോക്കൂ പ്രിയരെ.. ആസാഫ് ബലഹീനനെങ്കിലും ദൈവത്തെ കുറിച്ച് അവന് നല്ലൊരു അറിവുണ്ട്. അതെന്തെന്നാൽ ദൈവം ബലവാനാണന്നുള്ളതാണ് ആ അറിവ്.

ആ ബലവാനായ ദൈവത്തിന് തന്നെയും കൂട്ടരേയും കാത്ത് സുക്ഷിക്കുവാൻ കഴിയും... എന്നുള്ള അതിശക്തമായ അറിവ്. ആ അടിയുറച്ച അറിവിലും വിശ്വാസത്തിലും നിന്നുകൊണ്ട്..തന്നെയും തന്നോടൊപ്പം ഉള്ള ബലഹീനരേയും ഓർക്കണമെ എന്ന് പലവുരു താൻ പറയുകയാണ്.

അതിൽ ദൈവത്തിന്റെ സഭയായ അന്നുള്ള യിസ്രായേലിനെ മറക്കരുതെന്ന് പറഞ്ഞിരിക്കുന്നു.എന്തുകൊണ്ടെന്നാൽ ഈ സഭ അഥവാ യിസ്രായേൽ സമൂഹം ദൈവം പണ്ടുപണ്ടേ സമ്പാദിച്ചതാണ്. അതിനാൽ അതിനെ മറക്കരുതെ എന്നപേക്ഷിക്കുന്നു. അതുപോലെ തന്നെ തന്റെ അവകാശഗോത്രത്തെ മറക്കരുതെ എന്നും പറയുന്നു. കാരണം ഈ അവകാശ ഗോത്രം ദൈവത്താൽ വീണ്ടെടുക്കപ്പെട്ടതാണ്.പിന്നെ പറയുന്നത്... സീയോൻ പർവ്വതത്തെ മറക്കരുതേയെന്നാണ്. കാരണം ഈ സീയോൻ പർവ്വതം ദൈവം വസിക്കുന്ന ഇടമാണ്. കഴിഞ്ഞില്ല, ആസാഫ് തുടർന്ന് പറയുന്നത്. യഹോവേ, ശത്രു നിന്ദിച്ചിരിക്കുന്നതും മൂഢജാതി തിരുനാമത്തെ ദുഷിച്ചിരിക്കുന്നതും ഓർക്കുകയും നിന്റെ വൈരികളുടെആരവം മറക്കുകയും അരുതേ എന്നും ആണ്.

പ്രിയരെ.. പഴയ നിയമ വിശ്വാസികളെ കരുതുന്ന അതേ ദൈവം പുതിയ നിയമ സഭാംഗങ്ങളായ നമ്മെയും കരുതും നാമും കുറുപ്രാക്കളെ പോലെ ബലഹീനരും. ശത്രുക്കളോട് പ്രതികരിക്കുവാനും പ്രതിരോധിക്കുവാനും ശക്തിയില്ലാത്തവരുമാണ്. എന്നാൽ നമ്മുടെ കൂടെയുള്ളവൻ നമ്മുടെ ശത്രുക്കളെക്കാൾ അതി ശക്തനായവനാണ്. ദൈവം പണ്ടുമുതലെ നമ്മുടെ മഹാ രാജാവാകുന്നു. ഭൂമിയുടെ മദ്ധ്യേ നമുക്ക് വേണ്ടി അത്ഭുതകരമായ രക്ഷയെ അവൻ പ്രവർത്തിക്കുന്നു. ദൈവം തന്റെ ശക്തികൊണ്ടു സമുദ്രത്തെ വിഭാഗിക്കുകയും വെള്ളത്തിലുള്ള തിമിംഗലങ്ങളുടെ തലകളെ ഉടച്ചവനുമാണ്. അങ്ങനെയുള്ള ദൈവം നമ്മുടെ കൂടെയുള്ളപ്പോൾ കുറുപ്രാക്കൾക്ക് തുല്യമായി ബലഹീനരും അശക്തരുമാണ് നാം എങ്കിലും സർവ്വശക്തനായ ദൈവം നമുക്ക് വേണ്ടി പ്രവർത്തിക്കും. ഭൂമിയിലെ തങ്ങളെ ഓർക്കുവാൻ ആരും ശേഷിക്കാത്ത വണ്ണം ജലപ്രളയത്തിൽ നശിച്ച് പോയ കാലത്ത്. നോഹയേയും അവനോടു കൂടെ പെട്ടകത്തിൽ ഉണ്ടായിരുന്ന സകല മൃഗങ്ങളെയും ഓർത്ത ദൈവം നമ്മെ ഒരുനാളും... ഒരു കാരണവശാലും മറക്കുകയില്ല.അതെ ദൈവജനമെ.. നാം അവന്റേതാണ്.. അവന്റേത് മാത്രമാണ്. ഈ ആത്മവിശ്വാസത്തോടും ദൈവീകാശ്രയത്തോടും പ്രത്യാശയോടും കൂടി നമുക്ക് ഈ വല്ലാത്ത കാലഘട്ടത്തിലും ദൈവത്തിനായ് ജീവിക്കാം

# Management

Siju George, Canada



Mathew 25:14-29: Why Management is the primary goal of God toward human. What is Management? Management is defined as, the effective, efficient, correct, and timely use of another person's property and resources for the purpose for which they are delegated with a view to producing the expected added value back to the person.So management automatically implies you don't own the material. Management also implies that when you bring it back it's supposed to be better. What are the resources we have: Time, health, life, talents, money, family, children,relationship, local assembly, etc....

**1) Management is the primary Goal of mankind.**

Gen. 1: 26,28 Dominion, Subdue,Gen. 2:15 : .... to dress it and to keep it. By the above verses we can find God's plan for creating human. When we look into Mathew 25: 14-24: The master leaving talents with his servants to manage. Master gave the resources to his servants based on ability of each person. V 14 "For the kingdom of heaven is as a man travelling into a far country, who called his own servants, and delivered unto them his goods."

**2) God's primary measure of trust is management.**

Here the Master gave the talents based on their ability. So, the master had trusted each person based on what they can manage. Example: Mathew 13:8 When the seed fell into the good soil but there was difference in production 30 times. 60 times and 100 times. In normal way when we are farming, where do we put more seeds? In the area that give more production or less production? Same the master did here. V.15 "And unto one he gave five talents, to another two, and to another one; to every man according to his several ability; and straightway took his journey..

**3) Effective management attract more resources to it.**

V 16 "Then he that had received the five talents went and traded with the same, and made them other five talents. V 17 And likewise he that had received two, he also gained other two."

**4) What ever you fail to manage you lose.**

Here this person didn't manage the resources.

He lost it." But he that had received one, went and digged in the earth, and hid his lord's money. Take therefore the talent from him, and give it unto him which hath ten talents.

**5.) Where there is effective management**

God will give more.,28" Take therefore the talent from him, and give it unto him which hath ten talents.V 29 For unto every one that hath shall be given, and he shall have abundance: but from him that hath not shall be taken away even that which he hath.

**6) God will not give you, what you ask for only you can manage**

V 15"And unto one he gave five talents, to another two, and to another one; to every man according to his several ability; and straightway took his journey "In our case God wouldn't give what we ask for, because God knows our management ability and our intension towards his resources.

# സർവ്വം തികഞ്ഞ മഹാപുരോഹിതൻ

BBA

എബ്രായർ 7ന്റെ 28ൽ കാണുന്നത്..ന്യായപ്രമാണം ബലഹീന മനുഷ്യരെ മഹാപുരോഹിതന്മാരാക്കുന്നു; ന്യായപ്രമാണത്തിന്നു പിമ്പുള്ള ആണയുടെ വചനമോ എന്നേക്കും തികെഞ്ഞവനായിത്തീർന്ന പുത്രനെ പുരോഹിതനാക്കുന്നു.

പ്രിയരെ... ദൈവം മോശെ വഴി ന്യായപ്രമാണവും സമാഗമന കൂടാരവും പുരോഹിതന്മാരെയും യിസ്രായേൽ ജനത്തിന് നൽകി. ന്യായപ്രമാണ വ്യവസ്ഥകൾക്കൊത്തവണ്ണം ജനങ്ങൾ യാഗാർപ്പണത്തിനായി ആട്ടുകൊറ്റന്മാരേയും കാളക്കിടാങ്ങളെയും പുരോഹിതന്മാരുടെ അടുക്കൽ കൊണ്ടു വരുകയും അവർ അതിനെ ജനത്തിന്റെ പാപ പരിഹാരത്തിനായി യാഗപീഠത്തിൽ വച്ച് യാഗം അർപ്പിക്കിക്കുയും ചെയ്തുപോന്നു. മഹാപുരോഹിതൻ ആണ്ടിൽ ഒരിക്കൽ യാഗാർപ്പണ മൃഗത്തിന്റെ രക്തവുമായി അതിവിശുദ്ധസ്ഥലത്ത് പ്രവേശിച്ച് കൃപാസനത്തിൻ മുമ്പിൽ ആ രക്തം തളിക്കുകയും ചെയ്തു പോന്നു. ഈ പതിവ് ന്യായപ്രമാണ പ്രമാണപ്രകാരം യിസ്രായേല്യരുടെ മദ്ധ്യത്തിൽ തുടർന്നുകൊണ്ടിരുന്നു.

എന്നാൽ പ്രിയരെ.. ഈ യാഗാർപ്പണത്തിൽ ഏർപ്പെടുന്ന പുരോഹിതന്മാരാകട്ടെ മഹാപുരോഹിതന്മാരാകട്ടെ ബലഹീന മനുഷ്യരാണെന്ന് തിരുവചനം വ്യക്തമാക്കുകയാണ് ചെയ്യുന്നത്. എന്തുകൊണ്ടെന്നാൽ ജനങ്ങൾക്ക് വേണ്ടി യാഗാർപ്പണം ചെയ്യുന്നതിന് മുമ്പ് ആ പുരോഹിതർ തങ്ങളുടെ സ്വന്ത പാപങ്ങൾക്കായി യാഗങ്ങൾ അർപ്പിക്കേണ്ടിയിരുന്നു. അതിന് ശേഷം മാത്രമേ മറ്റുള്ളവരുടെ പാപങ്ങൾക്ക് പ്രായശ്ചിത്ത യാഗങ്ങൾ അർപ്പിക്കാൻ സാധിച്ചിരുന്നുള്ളൂ. എന്തുകൊണ്ടെന്നാൽ ലേവ്യാ പുരോഹിതന്മാർ ആരും തന്നെ പാപ രഹിതരായിരുന്നില്ലാ എന്നുള്ളതുകൊണ്ടാണ്. അതുപോലെ തന്നെ അവർ മറ്റേതൊരു മനുഷ്യരെയും പോലെ പാപത്തിൽ ജനിച്ചവരും പാപസ്വഭാവത്തിൽ ജീവിക്കുന്നവരും ആണ്. ന്യായപ്രമാണ പ്രകാരം ഉള്ള പുരോഹിതന്മാർ ബലഹീനർ ആയിരുന്നു എന്ന് പറയുന്നതിന്റെ മറ്റൊരു കാരണം.. അവരുടെ യാഗാർപ്പണം തുടർമാനമായിട്ടുള്ളതായിരുന്നു. ഒരൊറ്റ യാഗം കൊണ്ട് യാഗാർപ്പണത്തിന് സമാപ്തി വരുകയോ പാപപരിഹാരം പൂർണ്ണമാക്കപ്പെടുകയോ ചെയ്യുന്നില്ല. ന്യായപ്രമാണ പ്രകാരം ഉള്ള പുരോഹിതന്മാർ ബലഹീനർ ആയിരുന്നു എന്ന് പറയുന്നതിന്റെ അടുത്ത കാരണം.

എന്തെന്നാൽ അവരുടെ കാല ശേഷം അവരുടെ മക്കളൊ മറ്റാരെങ്കിലുമോ യാഗാർപ്പണം തുടരണമായിരുന്നു. ഒരൊറ്റ പുരോഹിതനിലൊ പുരോഹിതന്മാരിലൊ യാഗാർപ്പണം അവസാനിക്കുന്നില്ല. എന്നുമാത്രമല്ല, പുരോഹിതന്മാരുടെ തലമുറകളും യാഗാർപ്പണം തുടരണമായിരുന്നു.

ന്യായപ്രമാണ പ്രകാരം ഉള്ള പുരോഹിതന്മാർ ബലഹീനർ ആയിരുന്നു എന്ന് പറയുന്നതിന്റെ മറ്റൊരു വസ്തുത എന്തെന്നാൽ ന്യായപ്രമാണ പ്രകാരമുള്ള പുരോഹിതന്മാർക്ക് യാഗം അർപ്പിക്കുവാൻ യാഗവസ്തുവും യാഗാപീഠവും ആവശ്യമായിരുന്നു. എന്നാൽ ദൈവീക വാഗ്ദത്തപ്രകാരം കടന്ന് വന്ന യേശു കർത്താവ് ബലഹീനമനുഷ്യനല്ല പിന്നെയോ ബലവാനും തികഞ്ഞവനും ആയിരുന്നു. യേശുകർത്താവ് ഒരിക്കലായി പാപ പരിഹാര യാഗം അർപ്പിച്ചു. അപ്പോൾ അവിടെ ഒരു യാഗപീഠത്തിന്റെ ആവശ്യം വരാതെ നഗരവാതിലിന് പുറത്ത് വച്ച് കഷ്ടം സഹിച്ച് തന്റെ ദേഹം യാഗവസ്തുവായി സ്വയം നൽകുകയാണ് ചെയ്തത്. ഇനി ഒരു യാഗത്തിന്റെ ആവശ്യം ഇല്ലാത്തവണ്ണം തന്റെ ഏക യാഗത്താൽ എന്നന്നേക്കുമായുള്ള വീണ്ടെടുപ്പ് സാധിപ്പിച്ചു.

വിശ്വാസത്താൽ ക്രിസ്തുവിനെ ഹൃദയത്തിൽ ഏറ്റെടുത്ത് ദൈവമക്കളായിത്തീർന്ന നാം ഓരോരുത്തരും രാജകീയ പുരോഹിതവർഗ്ഗമായിരിക്കുന്നു. ഇന്ന് നാം അർപ്പിക്കേണ്ട ഒരൊറ്റ യാഗം മാത്രമാണ്. അത് അധരഫലങ്ങളായ സ്തോത്ര യാഗം മാത്രമാണ്. ഇത് പ്രായ വ്യത്യാസമോ നിറവ്യത്യാസവും ഗോത്ര വ്യത്യാസമോ അങ്ങനെ ഒരു വ്യത്യാസവും കൂടാതെ ദൈവമക്കൾ ഏവർക്കും ഏതു സമയത്തും എവിടെവച്ചും അർപ്പിക്കാവുന്നതാണ്. ഇവ്വണ്ണം യിസ്രായേൽ ജനത്തിൽ നിന്നുള്ളവർക്കും യിസ്രയേൽ പൗരതയോട് യാതൊരു സംബന്ധം ഇല്ലാത്തവരായിരുന്ന നമുക്കും വാഗ്ദത്തപ്രകാരവും ആണയുടെ വചന പ്രകാരവും തികഞ്ഞവനായിത്തീർന്ന ക്രിസ്തു യേശു എന്ന പുരോഹിതനെ തന്നനുഗ്രഹിച്ച ദൈവത്തിന് നമുക്ക് നന്ദിയും സ്തുതിയും സ്തോത്രവും അർപ്പിക്കാം. അതിനോടൊപ്പം അതിവിശുദ്ധ സ്ഥലമായ സ്വർഗ്ഗത്തിലേക്ക് നമുക്ക് മുമ്പെ പ്രവേശിച്ച കർത്താവിന്റെ വീണ്ടും വരവിനെ പ്രത്യാശയോടെകാത്തിരിക്കുകയും ചെയ്യാം.

# Bible Quiz

1. കിന്നരവും വേണുവും പ്രയോഗിക്കുന്ന എല്ലാവർക്കും പിതാവായ് തീർന്നതാര്?
2. ബാല്യം മുതൽ ദോഷമുള്ളതു എന്ത്?
3.അബ്രഹാമിന്റെ പിതാവ് മരിച്ചതെവിടെവച്ച്?
4. ദൈവത്തിന്റെ ഹൃദയത്തിന്നു ദുഖമായതിന്റെ കാരണം എന്ത്?
5. അബ്രാം ഏതിലൊക്കെ ബഹുസമ്പന്നനായിരുന്നു?
6. എല്യേസർ ഏതു ദേശക്കാരനായിരുന്നു?
7. നീനവെക്കും കാലഹിന്നും മദ്ധ്യേയുള്ള മഹാനഗരമേത്?
8. ആറാം ദിവസം ദൈവം എന്തൊക്കെ സൃഷ്ടിച്ചു?
9.എനോശിന്റെ ആയുഷ്കാലം എത്ര?
10.രാജ താഴ്‌വരയുടെ മറ്റൊരു പേരെന്ത്?
11. നീ ഈ ചെയ്തതു എന്തു" ഇത് ആര് ആരോട് ചോദിച്ചത്?
12. കനാന്റെ പിതാവാര്?
13. ആഴിയുടെ..................ഒക്കെയും പിളർന്നു; ആകാശത്തിന്റെ ............. തുറന്നു.
14. എവിടെയാണ് അബ്രാം കൂടാരം അടിച്ചത്?
15.ദൈവം മനുഷ്യനെ കൂട്ടിക്കൊണ്ടു പോയി ഏദെൻ തോട്ടത്തിൽ ആക്കിയതെന്തിന്?

## SONG QUIZ

**ഈ ഗാനത്തിന്റെ ആദ്യ വരി പറയുക**

ഇന്നിഹ നിന്ദിതർ ഭക്തഗണം
അന്നു നടത്തു ഭൂഭരണം
കേഴും ഖിന്നത തീർന്നവരായ്
വാഴും നമ്മൾ മന്നവരായ്

ഉത്തരം അയക്കേണ്ട
വാട്സ് ആപ് നമ്പറും
ഈമെയിൽ അഡ്രസ്സും

**+91 7907539203**
**biju4bible@gmail.com**

Postal Address

**Makarios**
**Pulimala, Kilivayal**
**Puthusseribagom, Vayala**
**Adoor, Pathanamthitta-691 554**

ഈ മാസം 20 –ാം തീയതിക്കുള്ളിൽ ശരിയുത്തരം അയച്ചു തരുന്നവരെ വരുന്ന ലക്കത്തിൽ വിജയികളായി പ്രഖ്യാപിക്കുന്നതാണ്.



ഫിലിപ്പച്ചായൻ : എടാ... ജോണിക്കുട്ടിയെ
ജോണിക്കുട്ടി : എന്താ ഫിലിപ്പിച്ചായാ....
ഫിലിപ്പച്ചായൻ : ആരാധന കഴിയും മുമ്പ് നീയങ്ങ് പോയല്ലോടാ
ജോണിക്കുട്ടി : അച്ചായാ അത് ഷുഗറുള്ളതാ പന്ത്രണ്ടരയ്ക്ക് ഭക്ഷണം കഴിക്കാനുണ്ടായിരുന്നു
ഫിലിപ്പച്ചായൻ : കഴിഞ്ഞദിവസത്തെ കല്ല്യാണത്തിന് ഒന്നര കഴിഞ്ഞല്ലയോ നമ്മള് രണ്ട് പേരും കഴിച്ചത് അപ്പോൾ ഷുഗറൊന്നുമില്ലായിരുന്നല്ലോ
ജോണിക്കുട്ടി : അച്ചയാ അത്, അത്
ഫിലിപ്പച്ചായൻ : അപ്പോൾ ഷുഗറല്ല പ്രശ്നം മനസ്സില്ലാഞ്ഞിട്ടാ

# തകർത്തെറിയാൻ ഒരുമ്പെട്ടവരുടെ നടുവിൽ വിശാലത വരുത്തി പാർപ്പിച്ചവൻ

BBA

ഇരുട്ടിൽ നിന്നും വലിച്ച് കയറ്റിയവർ നോക്കി നിൽക്കെ, പ്രകാശം മുഖത്തടിച്ചപ്പോൾ ഉണ്ടായ പ്രതീക്ഷക്ക് വിരുദ്ധമായി കച്ചവടക്കാരുടെ കയ്യിലെ പണം കണ്ട് മോഹിച്ച്, തന്നെ വിറ്റപ്പോൾ അവർ കരുതി തങ്ങൾ വിജയിച്ചെന്ന്. മാത്രമല്ല കള്ളക്കഥ മെനഞ്ഞവർ സ്വന്ത അപ്പനെ പറഞ്ഞ് പറ്റിച്ചു കഴിഞ്ഞു കൂടാമെന്ന് ചിന്തിച്ചു തിരികെ സ്വഭവനത്തിലേക്ക് മടങ്ങി. തങ്ങൾ തോൽപ്പിച്ചെന്നും ഇല്ലാതാക്കിയെന്നും മിണ്ടാതാക്കിയെന്നും വിചാരിച്ച പീഡിതനെ ദൈവം സകലവിധ പീഡകളിൽ നിന്നും അതിശയകരമായി വിടുവിച്ചു ഒടുവിൽ തന്റെ സന്തതിയെ ദൈവം അനുഗ്രഹിച്ചാക്കി, അതെ എവിടെ താൻ അപമാനിക്കപ്പെട്ട് ക്രൂരമായി ആക്രമിക്കപ്പെട്ടുവൊ അതേ സ്ഥലത്ത് പാർപ്പിക്കപ്പെട്ടു. അതെ, ദോഥാൻ എന്ന പട്ടണം പിന്നീട് മനശ്ശെയുടെ പട്ടണം എന്നറിയപ്പെട്ടു. ഈ മനശ്ശെ യോസഫിന്റെ മൂത്ത മകനാണല്ലൊ. അപ്പനായ യോസഫിനെ അവന്റെ സഹോദരങ്ങൾ എവിടെ വച്ച് വിറ്റുകളഞ്ഞുവൊ അവിടം ദൈവം തന്റെ മകന് നൽകി അനുഗ്രഹിച്ചു പാർപ്പിച്ചു. പ്രിയരെ, നമ്മെ വിളിച്ച ദൈവം വാഗ്ദത്തങ്ങളിൽ വിശ്വസ്തനാകുന്നു. അവൻ നമ്മെയും നമ്മുടെ തലമുറകളെയും അനുഗ്രഹിക്ക തന്നെ ചെയ്യും. ഈ ദൈവത്തെപോലെ അനുഗമിക്കുവാനും ആരാധിക്കുവാനും കൊള്ളാവുന്ന വേറൊരു ദൈവവുമില്ലെന്നോർത്തുകൊള്ളുക. സ!!ൈ!!ന്യങ്ങളുടെ ദൈവമായ യഹോവ എന്നാണവന്റെ നാമം.





ജീവനദി
ആത്മമന്ന
JEEVANADHI ATHMAMANNA
തിരുവെഴുത്തുകളെയും ദൈവശക്തിയെയും അറിയുക

എല്ലാ മാസവും 1-ാം തീയതി പുറത്തിറങ്ങുന്നു.....
പ്രാർത്ഥിക്കുക.....സഹകരിക്കുക.......